മത്സ്യത്തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക

65 (1753) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. കെ. ബാബു :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മത്സ്യബന്ധന തൊഴിലാളികൾക്കും അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും എത്ര ഗഡു പെൻഷൻ കുടിശ്ശികയുണ്ടായിരുന്നു ;

(ബി) എത്രപേർക്കാണ് കുടിശ്ശിക കൊടുക്കേണ്ടിയിരുന്നത് ;

(സി) ഈ കുടിശ്ശിക കൊടുത്തു കഴിഞ്ഞുവോ ;

(ഡി) ഈയിനത്തിൽ എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ പെൻഷൻ 14 ഗഡു കുടിശ്ശികയുണ്ടായിരുന്നു. അനുബന്ധ തൊഴിലാളികളുടെ പെൻഷൻ പദ്ധതി 1-1-2001 മുതലാണ് പ്രാബല്യത്തിൽ വന്നത്.

(ബി) 27,240 പേർക്ക്.

(സി) കൊടുത്തുകഴിഞ്ഞു.

(ഡി) കുടിശ്ശികയുൾപ്പെടെ മത്സ്യത്തൊഴിലാളി പെൻഷൻ കൊടുത്തു തീർക്കാൻ നടപ്പുവർഷം ഗവൺമെന്റ് മത്സ്യബോർഡിന് 8 കോടി രൂപ അനുവദിച്ചിരുന്നു. 2000 മാർച്ചു മുതൽ ജനുവരി 2002 ഉൾപ്പെടെ 23 മാസത്തെ കുടിശ്ശിക പെൻഷൻ കൊടുക്കുന്നതിന് 7,51,82,400 രൂപ മത്സ്യബോർഡ് ചെലവഴിച്ചിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി

66 (1754) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണപദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് വീടുവയ്ക്കാൻ ധന സഹായം കൊടുത്തു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിക്ക് കേന്ദ്രസർക്കാരിൽ നിന്നോ മറ്റ് ഏതെങ്കിലും ഏജൻസികളിൽനിന്നോ ധനസഹായം ലഭിച്ചോ എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളത്തിൽ മത്സ്യത്തൊഴിലാളികൾക്കായി പുതിയ ഒരു ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ഡി) മത്സ്യത്തൊഴിലാളികൾക്കായി എത്ര വീടുകൾ നിർമ്മിച്ചു നൽകേണ്ടി വരുമെന്നതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2001-2002, 2002-2003 വർഷങ്ങളിൽ 2442 (2000+442) പേർക്ക് വീടു വയ്ക്കാൻ ധനസഹായം കൊടുത്തിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിൽ 50% കേന്ദ്ര ഗവൺമെന്റ് വിഹിതവും ബാക്കി 50% സംസ്ഥാന സർക്കാർ വിഹിതവുമാണ്. 2001-2002-ൽ കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ല. 2002-2003-ൽ കേന്ദ്രവിഹിതമായി 200 ലക്ഷം രൂപ ലഭിച്ചിരുന്നു.

(സി) 505 കോടി രൂപ വരുന്ന ഒരു സമഗ്ര വികസന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ഭവനനിർമ്മാണത്തിനായി 200 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. 5 വർഷംകൊണ്ട് 40,000 വീടുകൾ നിർമ്മിക്കാനാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

(ഡി) പുതുതായി 86471 വീടുകൾ നിർമ്മിക്കേണ്ടി വരുമെന്ന് കണക്കാക്കിയിരിക്കുന്നു.

ഭവനനിർമ്മാണ വായ്പാ അദാലത്ത്

67 (1755) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യമേഖലയിൽ നടപ്പിലാക്കിയ ഭവനനിർമ്മാണ വായ്പാ അദാലത്ത് എല്ലാ ജില്ലകളിലും നടത്തിയോ ; ജില്ലകൾതോറുമുള്ള അപേക്ഷകളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ ; അദാലത്തുകളുടെ നടത്തിപ്പിന് ഓരോ ജില്ലയിലും എന്തുതുക ചെലവാക്കിയെന്നും അറിയിക്കുമോ ;

(ബി) ഓരോ ജില്ലയിലെയും അപേക്ഷകരുടെ എണ്ണമെത്രയെന്നും അവയിൽ എത്രയെണ്ണം തീർപ്പു കൽപ്പിച്ചെന്നും, ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) സർക്കാർ ഭവനനിർമ്മാണ വായ്പ കുടിശ്ശിക ഒഴിവാക്കുന്നതിന് എന്തുതുക അനുവദിച്ചെന്നും എത്ര ഭവനനിർമ്മാണ വായ്പ കുടിശ്ശിക കേസുകൾ എഴുതി തള്ളിയെന്നും ഇതിനായി എന്തുതുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly